വെൽഫെയർ ആഫീസറന്മാർ.

163. [37] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെൻറ് പ്രസ്സ്, തിരുവനന്തപുരം, ചവറ മിനറൽസ്, പി. ഡബ്ലിയു. ഡി., സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്ഷാപ്പുകൾ എന്നിവിടങ്ങളിൽ വെൽഫെയർ ആഫീസേഴ്സ് റൂൾസ് അനുസരിച്ച് നിശ്ചിത യോഗ്യതയുള്ളവരെ വെൽഫെയർ ആഫീസറന്മാരായി നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ഉത്തരം.

തിരുവനന്തപുരം ഗവണ്മെൻറ് പ്രസ്സ്, സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്ഷാപ്പുകൾ എന്നിവിടങ്ങളിൽ വെൽഫെയർ ആഫീസേഴ്സ് റൂൾസ് അനുസരിച്ച് വെൽഫെയർ ആഫീസറന്മാരെ നിയമിച്ചിട്ടില്ല. ഇക്കാര്യത്തെപ്പറ്റി ഗവണ്മെൻറ് പുനരാലോചിച്ചുവരികയാണ്.

ചവറയിലുള്ള പി. ഡബ്ലിയു. ഡി. വർക്ഷാപ്പിൽ 500-ൽ കുറഞ്ഞ തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളൂ. അതിനാൽ വെൽഫെയർ ആഫീസേഴ്സ് റൂൾസ് അതിനു ബാധകമല്ല. എങ്കിലും ഒരു വെൽഫെയർ ആഫീസറെ നിയമിക്കാനുള്ള നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്. ചവറ മിനറൽസ് കൺസേൺസ് ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ പെട്ടതല്ല.

വെൽഫെയർ ആഫീസേഴ്സ് റിക്രൂട്ട്മെൻറ്

164. [38] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-ലെ ഫാക്ടറീസ് ആക്ട് സെക്ഷൻ 49 (2) 50 അനുസരിച്ച് 1952-ൽ പ്രസിദ്ധപ്പെടുത്തിയ വെൽഫെയർ ആഫീസേഴ്സ് റിക്രൂട്ട്മെൻറ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ് റൂൾസ് സംസ്ഥാനത്തു് ഇംപ്ലിമെൻറ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഫാക്ടറികളിൽ;

(ബി) ഈ റൂൾസിലെ സെക്ഷൻ 3 അനുസരിച്ച് 500 തൊഴിലാളികളോ അതിൽ കൂടുതലോ ഉള്ള ഫാക്ടറികളിൽ ഒരു വെൽഫെയർ ആഫീസറെയും, 2000-ൽ അധികം തൊഴിലാളികളുള്ള ഫാക്ടറികളിൽ ഒന്നിൽ കൂടുതൽ ആഫീസറേയും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ആറുമാസത്തിനകം നിയമിക്കണമെന്നുള്ള പ്രൊവിഷൻ ഈ റൂൾസ് അനുസരിച്ച് വെൽഫെയർ ആഫീസറന്മാരെ ഇതിനകം നിയമിച്ചിട്ടില്ലാത്ത സഹകാരിഫാക്ടറികളും, സർക്കാർ ആളിമുഖത്തിൽ നടത്തുന്ന ഫാക്ടറികളും ഏതെല്ലാം; അങ്ങിനെ നിയമിക്കാത്ത ഫാക്ടറി മാനേജ്മെൻറിന്റെ പേരിൽ നടപടി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; ഫാക്ടറികളുടെ കാര്യത്തിൽ എന്തെല്ലാം നടപടികൾ എടുത്തു; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly